ദേശാഭിമാനി KTM
www.deshabhimani.com/vipani



ഡിസി ബുക്സ് പ്രസിദ്ധീകരിക്കുന്ന 'ഓർമ്മക്കിളിവാതിൽ' പുസ്തകപ്രകാശനം ടി പത്മനാഭൻ നിർവഹിക്കുന്നു

# കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ ആത്മകഥ പ്രകാശനം ചെയ്തു

കോട്ടയം: പ്രമുഖ വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ ആത്മകഥ 'ഓർമ്മക്കിളിവാതിൽ' ചലച്ചിത്ര സംവിധായകൻ സിദ്ദിഖിന് കൈമാറി പ്രശസ്ത കഥാകൃത്ത് ടി പത്മനാഭൻ പ്രകാശനം ചെയ്തു.

കൊച്ചൗസേപ്പിന്റെ വലിയ ജീവിതത്തിന്റെ തുടക്കം മാത്രമാണ് പുസ്തകത്തിലുള്ളതെന്ന് ടി പത്മനാഭൻ പറഞ്ഞു. പ്രവൃത്തിയെടുക്കാൻ മടിയുള്ള ചെറുപ്പക്കാർക്ക് പ്രചോദനം കൂടിയാണ് അദ്ദേഹത്തിന്റെ ജീവിതമെന്നും പത്മനാഭൻ പറഞ്ഞു.

മൂന്നു ഭാഗങ്ങളിൽ പൂർത്തിയാവുന്ന ആത്മകഥയുടെ ഒന്നാം ഭാഗമാണ് കോട്ടയം ഡിസി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തത്. കൊച്ചൗസേപ്പിന്റെ ബാല്യകൗമാരങ്ങളാണ് 'ഓർമ്മക്കിളിവാതിൽ' എന്ന പുസ്തകം. അരനൂറ്റാണ്ട് മുൻപുള്ള കേരളീയസാമൂഹ്യ ജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ പുസ്തകത്തിൽ അനാവൃതമാവുന്നു. മാധ്യമപ്രവർത്തകൻ സജിൽ ശ്രീധറും വീഗാലാൻഡ് ഡെപ്യൂട്ടി ജനറൽ മാനേജർ എം എ രവികുമാറും ചേർന്നാണ് പുസ്തകം തയ്യാറാക്കിയത്. ഡിസി ബുക്സാണ് പ്രസാധകർ.

ചടങ്ങിൽ ഭാഷാപോഷിണി എഡിറ്റർ കെ സി നാരായണൻ അധ്യക്ഷനായി. സജിൽ ശ്രീധർ പുസ്തകപരിചയം നിർവഹിച്ചു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി മറുപടി പറഞ്ഞു. രവി ഡിസി സ്വാഗതവും ജി അമൃതരാജ് നന്ദിയും പറഞ്ഞു.